സർക്കാർ വകുപ്പുകളുടെ പ്രവർത്തന മികവ്

19 (*169) പ്രൊഫ. സി. രവീന്ദ്രനാഥ് :
ശ്രീ. പി. റ്റി. എ. റഹീം :
ശ്രീ. കെ. വി. വിജയദാസ് :
ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ വകുപ്പുകളുടെ പ്രവർത്തനത്തിന്റെ അടിസ്ഥാനത്തിൽ മികവ് പരിശോധിക്കുകയുണ്ടായിട്ടുണ്ടോ ; വകുപ്പുകളുടെ പ്രവർത്തന മികവ് വിലയിരുത്തിക്കൊണ്ടുള്ള റിപ്പോർട്ട് വിശദമാക്കാമോ ; ഓരോ വകുപ്പിനും നിർണ്ണയിക്കപ്പെട്ട റാങ്ക് സംബന്ധമായ വിശദാംശം വെളിപ്പെടുത്താമോ ;

(ബി) പ്രവർത്തനങ്ങൾ ജനങ്ങൾക്ക് എത്രമാത്രം പ്രയോജനപ്പെട്ടു എന്ന കാര്യം വിലയിരുത്തപ്പെട്ടിട്ടുണ്ടോ ; വിശദമാക്കാമോ ;

(സി) വിലയിരുത്തലുകൾ ഏത് മാനദണ്ഡം അടിസ്ഥാനമാക്കിക്കൊണ്ടായിരുന്നു ;

(ഡി) മന്ത്രിമാരുടെയും വകുപ്പ് മേധാവികളുടെയും പ്രവർത്തനം കൂടി പരിശോധിക്കപ്പെട്ടിട്ടുണ്ടോ ;

(ഇ) പദ്ധതി നിർവ്വഹണത്തിലെ പാളിച്ചകളും കെടുകാര്യസ്ഥതയും ക്രമക്കേടുകളും ഈ ഘട്ടത്തിൽ പരിശോധിക്കപ്പെട്ടിട്ടുണ്ടോ ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) :

(എ) സർക്കാർ വകുപ്പുകളുടെ പ്രവർത്തനത്തിന്റെ അടിസ്ഥാനത്തിൽ പ്രവർത്തന മികവ് പരിശോധിക്കുകയുണ്ടായിട്ടുണ്ട്. 2011 മുതൽ കേന്ദ്രക്യാബിനറ്റ് സെക്രട്ടറിയേറ്റിലെ പെർഫോമൻസ് മാനേജ്മെന്റ് ഡിവിഷന്റെ നിർദ്ദേശാനുസരണം വകുപ്പുകളുടെ പ്രവർത്തന മികവ് തയ്യാറാക്കുന്ന റിസൾട്ട്സ് ഫ്രെയിംവർക്ക് ഡോക്യുമെന്റ് (ആർ.എഫ്.ഡി.) കേരളത്തിൽ നടപ്പിൽ വരുത്തിയിട്ടുണ്ട്. ഓരോ വകുപ്പിന്റെയും ആർ.എഫ്.ഡി. വിലയിരുത്തി അതിന്റെ അടിസ്ഥാനത്തിലുള്ള കോമ്പോസിറ്റ് സ്കോർ വകുപ്പുകൾക്ക് നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. 2011-12, 2012-13, 2013-14 വർഷങ്ങളിലെ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(ബി) വിലയിരുത്തപ്പെട്ടിട്ടുണ്ട്. ഓരോ വകുപ്പും അതാത് വകുപ്പിലൂടെ ചെയ്യാൻ ഉദ്ദേശിക്കുന്ന പ്രധാനപ്പെട്ട കാര്യങ്ങളാണ് ആർ.എഫ്.ഡി.-യിൽ ഉൾപ്പെടുത്തുന്നത്. ഇങ്ങനെ ഉൾപ്പെടുത്തിയിട്ടുള്ള കാര്യങ്ങൾ പരമാവധി ചെയ്യുന്നതിന്റെ അടിസ്ഥാനത്തിലാണ് വകുപ്പിന് ഉയർന്ന കോമ്പോസിറ്റ് സ്കോർ ലഭ്യമാകുന്നത്. ഇങ്ങനെ ഉയർന്ന കോമ്പോസിറ്റ് സ്കോർ ലഭ്യമാകുന്ന വകുപ്പുകളുടെ പ്രവർത്തനങ്ങൾ ജനങ്ങൾക്ക് പ്രയോജനകരമായിരുന്നുവെന്നാണ് വിലയിരുത്തപ്പെടുന്നത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ആർ.എഫ്.ഡി.-യിൽ വാഗ്ദത്തം ചെയ്ത പദ്ധതികൾ എത്രത്തോളം നടപ്പിൽ വരുത്തിയെന്നതിന്റെയും അതിന്റെ പ്രാധാന്യത്തിന്റെയും (വെയിറ്റ്) അടിസ്ഥാനത്തിലാണ് വിലയിരുത്തലുകൾ നടത്തിയിട്ടുള്ളത്.

(ഡി) പരിശോധിക്കപ്പെട്ടിട്ടുണ്ട്.

(ഇ) പരിശോധിക്കപ്പെട്ടിട്ടില്ല.

മലയാളം ഔദ്യോഗിക ഭാഷയാക്കാൻ നടപടി

20 (*170) ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. ജോസഫ് വാഴയ്ക്കൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലയാളം നിർബന്ധമായും സംസ്ഥാനത്തിന്റെ ഔദ്യോഗിക ഭാഷയാക്കാൻ എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്യാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ ;

(ബി) ഏതെല്ലാം മേഖലകളിലാണ് ഇത് പ്രാവർത്തികമാക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) മലയാളം ഔദ്യോഗിക ഭാഷയാക്കുന്നതിനായി നിയമനിർമ്മാണം നടത്തുന്ന കാര്യം പരിഗണനയിലുണ്ടോ ; വിശദമാക്കുമോ ;

(ഡി) ഇതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) :

(എ) സംസ്ഥാനത്തെ ഭരണഭാഷ പൂർണമായും മലയാളമാക്കുക എന്ന സർക്കാരിന്റെ നയം നടപ്പിലാക്കുന്നതിന്റെ ഭാഗമായി നാളിതുവരെ ഘട്ടം ഘട്ടമായി 77 സർക്കാർ വകുപ്പുകളിലും 31 സ്വയംഭരണ സ്ഥാപനങ്ങളിലും 65 പൊതുമേഖല/സഹകരണ സ്ഥാപനങ്ങളിലും ഔദ്യോഗികഭാഷ മലയാളമാക്കിക്കൊണ്ട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. സംസ്ഥാനത്ത് ഇതുവരെ മലയാളം ഔദ്യോഗികഭാഷയാക്കിയിട്ടില്ലാത്ത വകുപ്പുകളിലും സ്ഥാപനങ്ങളിലും പുതുതായി രൂപീകരിക്കുന്ന വകുപ്പുകൾ സ്ഥാപനങ്ങൾ എന്നിവയിലും മലയാളം ഔദ്യോഗിക ഭാഷയാക്കി വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനായി സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

(ബി) സെക്രട്ടേറിയറ്റ്/സെക്രട്ടേറിയറ്റിതര വകുപ്പുകൾ, സ്വയംഭരണ-പൊതുമേഖല-സഹകരണ സ്ഥാപനങ്ങൾ എന്നീ മേഖലകളിൽ ഇത് പ്രാവർത്തികമാക്കാൻ ഉദ്ദേശിക്കുന്നു.

(സി&ഡി) ഔദ്യോഗികഭാഷ സംബന്ധിച്ച് 1969-ലെ കേരള ഔദ്യോഗികഭാഷകൾ ആക്ട് നിലവിലുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly